**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1267** **07-02-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര പാലങ്ങളുടെ പ്രവൃത്തികളാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നതെന്നും അവയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന എത്ര പാലങ്ങൾ ഉണ്ടെന്നും അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ 10 പാലങ്ങളുടെ പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. അവയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന 6 പാലങ്ങൾ ഉണ്ട്. |
| (ബി) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരിമ്പുഴയ്ക്ക് കുറുകെയുള്ള ഏനാന്തി പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് വകുപ്പിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നമ്പർ, ഫയലിലെ ഇപ്പോഴത്തെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; | (ബി) | ഏനാദി പാലത്തിന്റെ 1712 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി പൊതുമരാമത്ത് (ഡി) വകുപ്പിൽ ലഭ്യമായിട്ടുണ്ട്.<br><br>ഫയൽ നം.PWD-D1/482/2022-PWD-ഈ വകുപ്പിൽ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ പോത്തുകല്ല് ഗ്രാമ പഞ്ചായത്തിലെ ശാന്തിഗ്രാം അമ്പുട്ടാൻപൊട്ടി പാലത്തിന്റെ നിർമ്മാണം, ഇരുട്ടുകത്തി ആദിവാസി കോളനിയിലേക്കുള്ള പാലത്തിന്റെ നിർമ്മാണം എന്നിവ സംബന്ധിച്ച ഫയലുകൾ ഇപ്പോൾ ഏത് വകുപ്പുകളിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഫയൽ നമ്പർ, ഫയലിലെ ഇപ്പോഴത്തെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ? | (സി) | നിലമ്പൂർ മണ്ഡലത്തിലെ പോത്തുകല്ല് ഗ്രാമ പഞ്ചായത്തിലെ ശാന്തിഗ്രാം-അമ്പുട്ടാൻപൊട്ടി പാലത്തിന്റെ നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് PWD-D1/371/2022 എന്ന ഫയൽ നമ്പറിൽ സർക്കാരിൽ പരിശോധിച്ചു വരുന്നു.<br><br>നിലമ്പൂർ മണ്ഡലത്തിലെ ഇരുട്ടുകുത്തി പാലത്തിന്റെ നിർമ്മാണത്തിനായി 713.3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PWD-D1/12/2023 ഫയൽ നമ്പറായി സർക്കാരിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ